Santhigiri

## ഉമ്മിണിതങ്കം

VOL 05 | ISSUE 10 | 2019 മാർച്ച് 10 | 1194 കുംഭം 26

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

### ഗുരുവാണി

**ലോകത്തെ ജനങ്ങൾ ജീവിക്കാൻ തുടങ്ങിയ കാലം മുതൽ നല്ലതും ചീത്തയും വിവേചിക്കുന്ന ഒരു രീതിയുണ്ട്. നല്ലതെന്ന് നാം വീക്ഷിക്കുന്നത് എങ്ങനെയാകാം ? ചിലർ പാട്ടുപാടിയാൽ മധുരതരമായിരിക്കും, ചിലരുടെ ആലാപനത്തിൽ അതില്ല. ചില സംഗീതവിദ്വാൻമാർ പാടുന്നതിനേക്കാൾ ഇമ്പമായി തെരുവുപിള്ളേർ പാടും. ശബ്ദമാധുര്യമുണ്ടെങ്കിൽ ക്ഷോഭിച്ചാൽ പോലും ആർക്കും അനിഷ്ഠം തോന്നുകയില്ല.**

# ശാന്തിഗിരി ആശ്രമം വജ്രജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി

## മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു




*ശാന്തിഗിരി ആശ്രമം വജ്രജൂബിലി ആഘോഷങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു*

**തിരുവനന്തപുരം :** ശാന്തിഗിരി ആശ്രമത്തിന്റെ ഒരു വർഷം നീളുന്ന വജ്രജൂബിലി ആഘോഷങ്ങൾ നിറഞ്ഞ ജനസഞ്ചയത്തെ സാക്ഷിയാക്കി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. താമരപർണ്ണശാലയിലെത്തി പുഷ്പസമർപ്പണം നടത്തിയതിന് ശേഷമാണ് മുഖ്യമന്ത്രി വേദിയിലെത്തിയത്. ഡോക്ടർമാർ സംസാരത്തിന് വിശ്രമം നിർദ്ദേശിച്ചിട്ടുള്ളതുകൊണ്ട് അദ്ദേഹം പ്രസംഗം മൂന്ന് വാചകത്തിൽ ഒതുക്കി. സന്തോഷത്തോടെ ഉദ്ഘാടനം ചെയ്യുന്നുവെന്നും ആശംസ അർപ്പിക്കുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു. സമീപത്തെ 5 പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുത്ത രണ്ടായിരം പേർക്കുള്ള ഭക്ഷ്യധാന്യകിറ്റ് ആനന്ദപുരം സ്വദേശിനി അദുമാബീവിക്ക് നൽകി അദ്ദേഹം ഉദ്ഘാടനം ചെയ്തു.

ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വിയും ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയും ചേർന്ന് മുഖ്യമന്ത്രിയെ പൊന്നാടയണിയിച്ച് ആദരിച്ചു. ആശ്രമത്തിന്റെ ഉപഹാരം ഗുരുധർമ്മപ്രകാശസഭാംഗങ്ങൾ അദ്ദേഹത്തിന് നൽകി. ശാന്തിഗിരി വിദ്യാഭവൻ അധ്യാപകനായ ഷൈജു കെ.മാലൂർ വരച്ച ഛായാചിത്രവും അദ്ദേഹത്തിന് ചടങ്ങിൽ നൽകി. കടുത്ത പീഠനമുറകളിൽ പതറാതെ കേരളത്തിന്റെ നവോത്ഥാനനായകനായി വളർന്നുവന്ന പിണറായി വിജയന്റെ പിന്നിട്ട ജീവിതവഴികളെ അടിസ്ഥാനമാക്കി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അവതരിപ്പിച്ച ദൃശ്യശില്പം ശ്രദ്ധേയമായി.

ജാതി, മത, വർഗ ചിന്തകൾക്കതീതമായുള്ള കാഴ്ചപ്പാടാണ് ശാന്തിഗിരി ആശ്രമം ലോകത്തിന് നൽകുന്നതെന്നും വിശ്വമാനവികതയിൽ അധിഷ്ടിതമായ ഗുരുവിന്റെ ജീവിതദർശനങ്ങൾ ഇന്നത്തെ കാലഘട്ടത്തിൽ ഏറെ പ്രസക്തമാണെന്നും മുഖ്യപ്രഭാഷണം നടത്തിയ മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. പഞ്ചകർമ്മ ചികിത്സയെക്കുറിച്ച് ഡോ.ബി.രാജ്കുമാർ രചിച്ച് ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷൻ പുറത്തിറക്കിയ 'തനുഹൃദയം' എന്ന പുസ്തകം ചലച്ചിത്രസംവിധായകൻ മധുപാലിന് നൽകി മന്ത്രി പ്രകാശനം ചെയ്തു.

സി.ദിവാകരൻ എം.എൽ.എ. അദ്ധ്യക്ഷനായിരുന്നു. ഡോ.എ.സമ്പത്ത് എം.പി., കോലിയക്കോട് കൃഷ്ണൻ നായർ, ജപ്പാനിലെ എച്ച് എസ് സി കോർപ്പറേഷൻ സി ഇ ഒ ഹിരാക്കോ കോയിക്കേ, മുസ്ലീം ലീഗ് ജില്ലാ പ്രസിഡന്റ് പ്രൊഫ. തോന്നക്കൽ ജമാൽ, കെ.പി.ചന്ദ്രൻ, കരമന ജയൻ, സബീർ തിരുമല, കെ.വേണുഗോപാലൻ നായർ, എസ്. സുജാത, ഡോ.എസ്.എസ്. ഉണ്ണി, വേങ്ങോട് മധു, വൈ.വി. ശോഭകുമാർ, എം.ബാലമുരളി, ആർ.സഹീറത്ത് ബീവി, എൻ.ജി.കവിരാജൻ എന്നിവർ സംബന്ധിച്ചു.

അഭിവന്ദ്യശിഷ്യപൂജിതയുടെ തീർത്ഥയാത്ര, വിവിധ ആശ്രമം ബ്രാഞ്ചുകളുടെ ഉദ്ഘാടനം, ശിലാസ്ഥാപനം എന്നിവ വജ്രജൂബിലി വർഷം നടക്കും. ജീവകാരുണ്യപ്രവർത്തനങ്ങൾക്കും ജനോപകാരപ്രദമായ കർമ്മപരിപാടികൾക്കും പ്രാധാന്യം കൊടുത്തുകൊണ്ടാണ് ആശ്രമം അറുപതാം വാർഷികം ആഘോഷിക്കുന്നത്. അന്നദാനം, ആതുരസേവനം, ആത്മബോധനം എന്നീ അടിസ്ഥാനത്രയങ്ങളെ മുൻനിർത്തിയാണ് പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. 2020 ഫെബ്രുവരി 22ന് വജ്രജൂബിലി ആഘോഷങ്ങൾ സമാപിക്കും.



*താമരപർണശാലയിൽ മുഖ്യമന്ത്രി പുഷ്പസമർപ്പണം നടത്തുന്നു*



*മുഖ്യമന്ത്രിയ്ക്ക് ഗുരുധർമ്മപ്രകാശസഭാംഗങ്ങൾ ഉപഹാരം നൽകുന്നു*



*വജ്രജൂബിലിയോടനുബന്ധിച്ച് രണ്ടായിരം പേർക്കുള്ള ഭക്ഷ്യധാന്യകിറ്റ് വിതരണം അദുമാബീവിക്ക് നൽകി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നു*

# ഗുരുവാണി

ഇവിടെ നമുക്കൊരു ഉറപ്പ് വേണം. ഇത് ജാതിക്കോ സമൂഹത്തിനോ വേണ്ടിയുള്ളതല്ല. തിരുവള്ളുവരും നാറാണത്തുഭ്രാന്തനും ഇതു ചെയ്തെങ്കിൽ നമ്മൾ ചെയ്താൽ പറ്റുകയില്ലേ? എന്റെ ഗോത്രം (പരമ്പര) ഞാൻ അതിനുവേണ്ടി മരിച്ചേക്കാം എന്നു ചിന്തിക്കുക. സ്ഥാപനത്തിൽ വരുന്നവർ കൊള്ളുകില്ലാത്തവരാണെങ്കിൽ എന്തു ത്യാഗം സഹിച്ചും നന്നാക്കണം. നമുക്കിത് കൊണ്ടുപോകാൻ നിശ്ചയമായും കഴിയും. എന്തുകൊണ്ടെന്നാൽ നബിയിൽക്കൂടി, യേശുവിൽക്കൂടി, ശ്രീനാരായണനിൽക്കൂടി ചട്ടമ്പിസ്വാമിയിൽക്കൂടി കാലത്തിനു പറ്റിയ അനുഭവവും യോഗ്യതയും ദൈവം നമുക്കു തന്നിരിക്കുന്നു. ഇഞ്ചിഞ്ചായി മുറിഞ്ഞുപോയാലും ധൈര്യമായി പറയാം യേശുവിനെ തറച്ചില്ലേ.. ഗുരുവിന്റെ മാന്യത ഞങ്ങൾ പടുത്തുയർത്തും. യേശു കുരിശിലേറാൻ തയ്യാറായി. ശങ്കരാചാര്യർ തല കാണിച്ചുകൊടുത്തു. പക്ഷേ ശിഷ്യർ എതിർത്തു.

ത്യാഗി എന്തുസഹിച്ചും മറ്റുള്ളവന്റെ ഉള്ളിൽ നന്മ കടത്തും. ശിഷ്യൻ അതീവ ശ്രദ്ധയുള്ളവനായിരിക്കണം. ശ്രദ്ധയില്ലാത്ത ഭക്തി പ്രയോജനരഹിതമാണ്. ശ്രദ്ധാഭക്തി എന്നാണ്. അങ്ങനെയാണെങ്കിൽ എവിടെ എന്തു നടന്നാലും അറിയും. രോഗം മാറാൻ വരുന്നവർക്കുവേണ്ടി എന്തും ചെയ്യണം. ഇഞ്ചിഞ്ചായി മുറിയേണ്ടിവന്നാലും ചെയ്യണം. സ്വന്തം മക്കളുടെ നന്മയ്ക്കു വേണ്ടി മാത്രം വേദാന്തം പറയുന്നവരുണ്ട്. അതല്ല, സേവനവൃത്തിക്കുവേണ്ടി വരുന്നവർ, അവർക്കു വേണ്ടതെന്തായാലും ഇവിടെനിന്നും നേടിയിരിക്കും. അങ്ങനെയുള്ളവർക്കൊരു സ്ഥാനം കല്പിക്കണം. വേണ്ടത് തക്ക സമയത്ത് ചെയ്തെടുക്കാൻ കഴിയണം. പിന്നീടൊരു നല്ല സമയം വരാൻ വേണ്ടി കാത്തിരിക്കരുത്. അതു ചിലപ്പോൾ കിട്ടിയെന്നു വരികയില്ല. ഇതിന് ഇതിന്റേതായ ഒരു ത്യാഗമുണ്ട്. അത് പ്രവൃത്തിയിൽക്കൂടി മനസ്സിലായാൽ അതിനപ്പുറമൊന്നും നേടേണ്ടതില്ല. ത്യാഗമുണ്ടെങ്കിൽ ഒരിടത്തും കുനിയേണ്ടി വരില്ല. നിങ്ങളേക്കാൾ വിനയത്തിൽ, സകല യോഗ്യതകളും ഇതിനടിമപ്പെടുത്തും എന്ന നിലയിലാണ് ഞാൻ ജീവിച്ചത്. ഇതിൽക്കവിഞ്ഞൊരു മാതൃക നിങ്ങൾക്ക് കിട്ടേണ്ടതില്ല. ഈ മാതൃക എത്ര വലിയ അഭിമാനത്തോടു കൂടിയും കൊണ്ടുനടക്കാം. ഒരു സിദ്ധിയും വിദ്യയും ഇതിന് ആവശ്യമില്ല. നിങ്ങൾക്ക് കിട്ടിയിട്ടുള്ള ഹൃദയാനുഭൂതി മാത്രം മതി. ആ ഹൃദയാനുഭൂതി അന്ത്യം വരെ ഉതകിക്കിട്ടാൻ പ്രാർത്ഥിക്കണം.

നല്ല കാര്യങ്ങൾ ചെയ്യുന്നവരോട് വിരോധിക്കരുത്. അവരെ അവമതിക്കരുത്. ആശ്രമജീവിതത്തിന്റെ മാഹാത്മ്യം നിങ്ങളിൽ വന്നുകിട്ടാൻ പ്രയാസമാണ്. അതിന് രണ്ടു കാരണങ്ങളുണ്ട്. ഒന്ന്, തേക്കെ ഇന്ത്യൻ രാജാക്കന്മാർ ദ്രാവിഡസംസ്കാരത്തിൽ ശൂദ്രരായിരുന്നു. രണ്ട്, വടക്കേ ഇന്ത്യൻ സംസ്കാരം നായർ തൊട്ട് താഴേയ്ക്കുള്ളവർക്ക് കിട്ടിയില്ല. അതുകൊണ്ട് അവരുടെ സ്വഭാവം നിങ്ങൾക്ക് വരികയില്ല. ഇതിനൊക്കെ പുറമേ തമിഴ്നാട്ടിലെ താഴ്ന്ന തരം ആരാധനാക്രമം കണ്ടു പഠിച്ചുപോയി. ശാക്തേയത്തിനു പ്രാധാന്യം കൊടുത്തതുകൊണ്ട് അറിവില്ലാത്തവരായി. ഇത്തരം അറിവു കെട്ടവരിൽ ഒരു വിഭാഗം ക്രിസ്ത്യാനികളായി. അവർ നല്ലതു പഠിക്കുന്നതിനു പകരം യൂറോപ്യൻ സംസ്കാരം ഇവിടെ പകർത്തി. അങ്ങനെ ഹൈന്ദവ സംസ്കാരം ഇവിടെ ഇല്ലാതായി.

ഭാരതം പ്രകൃതിദത്തമായ ഭൂമിയാണ്. ചിന്തിക്കാൻ പോലും കഴിയാത്ത ആഴമാണ് നമ്മുടെ സംസ്കാരത്തിന്. അതിന് അനുസൃതമായി ജീവിതം ചിട്ടപ്പെടുത്താത്തതുകൊണ്ടാണ് നമ്മുടെ അറിവ് നഷ്ടപ്പെട്ടുപോയത്. ഉപനിഷത്തും വേദവും പുരാണവും ഒന്നുമറിയില്ല. ഈ സ്ഥിതിയെ പുതുക്കി ഉയർത്തിക്കൊണ്ടു വരാനാവില്ല. ഇതു മനസ്സിലാക്കി ഇതിനൊരു തിരിവുണ്ടാകണം. ഇവിടെ ഒറ്റയും ഇരട്ടയും കളിക്കുന്ന കൊച്ചുകുഞ്ഞുങ്ങൾ ഇപ്പോഴത്തെ മാതാപിതാക്കളേക്കാൾ വളരെ അറിവുള്ളവരാണ്. ലോകത്തു നടക്കുന്ന എന്തു സംഭവങ്ങളും ഇവിടെയിരുന്നു കണ്ടറിയാൻ പ്രാപ്തിയുള്ളവരാണ് അവർ. പക്ഷേ അവരിലാ ചിന്ത വളർത്തിയെടുക്കണം. ഇതു മനസ്സിലാക്കി വേണം മുതിർന്നവർ ജീവിക്കാൻ. സത്യത്തെ സ്നേഹിക്കാൻ ഇതിൽ കവിഞ്ഞൊരു നേട്ടം വരാനില്ല.

## വചനദീപ്തി

*ഗുരുവിനെ സ്വീകരിക്കുന്നത് പൂർണ്ണഹൃദയത്തോടെ ആയിരിക്കണം. അല്ലാതെ ഔപചാരികമായിട്ടല്ല.*

**ഷിർദ്ദി സായിബാബ**

## പൗർണ്ണമി

2019 മാർച്ച് 20, ബുധൻ

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

2019 മാർച്ച് 15

**ജനസേവികപുരം**

2019 മാർച്ച് 16

**പോത്തൻകോട്**

## യാമപ്രാർത്ഥന

2019 മാർച്ച് 14, വ്യാഴം – 12 pm – 3 pm

## പ്രകാശപഥം

# ഏകാത്മകമായ സിദ്ധാന്തത്തിന്റെ വിളംബരം

ഒരു സ്നേഹത്തിന്റെ ഭാഗത്ത് മനുഷ്യജീവിതത്തിന്റെ ചില ജീവിത സ്വഭാവങ്ങളുണ്ട്. ഈ പരിണാമസിദ്ധാന്തത്തിൽ ഒരു ജീവൻ ഏതെല്ലാം നിലയിൽ എങ്ങനെയൊക്കെ ഇരിക്കണം. അല്ലെങ്കിൽ എങ്ങനെയാണ് ആ ജീവൻ മോചനപ്രാപ്തിയോ അല്ലെങ്കിൽ മുക്തിയോ അല്ലെങ്കിൽ വേറെ ഏതെങ്കിലും ഒരു വഴിയിൽ ചെന്നെത്തുന്നതെന്ന ഒരറിവുണ്ട്.

ഇന്ന് നമ്മൾ ഈ ശരീരത്തോടുകൂടിയൊക്കെ ജീവിച്ചിരിക്കുന്നു. ഈ ശരീരത്തോടുകൂടിയിരിക്കുമ്പോൾ ശരീരത്തിനൊരു കർമ്മം ഉണ്ട്. ആ കർമ്മം നല്ലതോ ചീത്തയോ എന്നൊരു ഭാഗമുണ്ട്. നല്ലതായാലും ചീത്തയായാലും പുണ്യമെന്നും പാപമെന്നും രണ്ടു വശമുണ്ട്. ഇത് നമ്മുടെ കർമ്മം എങ്ങനെ പുണ്യത്തിലെത്തിക്കും, അത് പിന്നെ എങ്ങനെ ഭാഗ്യത്തിലെത്തിക്കും എന്ന് ഏതൊരു മനുഷ്യനും ചിന്തിക്കാതിരിക്കില്ല. ബുദ്ധിയായിട്ട് ചിന്തിക്കുന്നവനും ബുദ്ധിയില്ലാതെ ചിന്തിക്കുന്നവനും എല്ലാം അറിയുന്നവനും അറിയാത്തവനും അങ്ങനെ പലതരത്തിലുണ്ട് മനുഷ്യരൂപം. അതുപോലെ ഈ ജീവൻ സഞ്ചരിക്കുന്ന ജീവപരിണാമരഹസ്യങ്ങളിൽ ഈ ജീവകോടികൾ അധിവസിക്കുന്നതുപോലെ, പലരും ഈ അന്തർയാമികളായിരിക്കുന്ന സ്വഭാവത്തിൽ, ഏതെല്ലാം ജീവാത്മാക്കൾ ഈ പ്രകൃതിയിൽ ലയിച്ചു നിൽക്കുന്നു എന്ന് ഗുരുവും ശിഷ്യനുമായിട്ട് അറിയുന്ന ഒരു അതീവരഹസ്യമുണ്ട്. അതാണ് ഗുരുശിഷ്യബന്ധത്തിന്റെ വേറൊരു സ്വഭാവം. അങ്ങനെ വരുമ്പോൾ ഈ മനുഷ്യജന്മം കൊണ്ട് നമ്മൾ എന്തു നേടി? അങ്ങനെ ആ മനുഷ്യജന്മത്തിൽ നമ്മൾ എന്തെല്ലാം ചെയ്തു, ചെയ്തില്ല എന്നു വേർതിരിച്ചറിയുന്ന രഹസ്യം കാണാം. അതു ജീവന്റെ പരിണാമദശയിൽ മനുഷ്യൻ തന്റെ ശരീരം വിട്ടുപോകുന്ന ഒരു അവസ്ഥാന്തരത്തിൽ അവിടെ ഇതു തമ്മിൽ വേർതിരിച്ചു കാണുന്ന ഒരു വിഭാവനയുണ്ട്. പ്രകാശവും പ്രകാശവും തമ്മിലുള്ള ഒരു ഭാഗമാണത്.

അങ്ങനെ നാം ചിന്തിക്കുമ്പോൾ, ഇപ്പോൾ നാം ജീവിച്ചിരിക്കുമ്പോൾ ഉള്ള ഈ ശരീരം ഇപ്പോൾ ഈ കാണുന്നതുപോലെ തന്നെ, ഈ ജീവന്റെ വിവിധഘട്ടങ്ങളിൽ താൻ ഈ മോചനപ്രാപ്തി എത്തുന്നതെങ്ങനെ? അല്ലെങ്കിൽ മോക്ഷപ്രാപ്തി എങ്ങനെ എത്തും.

ഒരു ശിഖിയുടെ സ്ഥാനത്ത് എങ്ങനെ ഇരിക്കുമെന്നും ഒരു പിതൃവിന്റെ സ്ഥാനത്ത് താൻ എങ്ങനെ എത്തുമെന്നും അറിഞ്ഞിട്ടുവേണം ഓരോ അവസ്ഥാന്തരങ്ങളിലേക്കും കടന്നിട്ട്, ജീവൻ ചന്ദ്രമണ്ഡലങ്ങളും ആകാശമണ്ഡലങ്ങളും കടന്നിട്ട് വേറൊരു ദിശയിലേക്ക് തന്റെ ജീവൻ പോകുന്ന ഒരു രഹസ്യം – തന്റെ അറിവുകൊണ്ടും ആത്മജ്ഞാനം കൊണ്ടും അല്ലെങ്കിൽ തന്റെ ഗുരുവിന്റെ പരിചരണംകൊണ്ടും അല്ലെങ്കിൽ തന്റെ ഗുരുവിന്റെ സാമീപ്യം കൊണ്ടും ഗുരുവിനോട് ശിഷ്യനുണ്ടാകുന്ന ആത്മബന്ധംകൊണ്ടും ഇതിത്രയെങ്കിലും കുറഞ്ഞതൊരു ഗൃഹസ്ഥൻ അറിഞ്ഞിരിക്കണം. അതാണ് ഗൃഹധർമ്മം എന്നു പറയുന്ന ഭാഗം. പിന്നീട് അവന്റെ ജീവിതം കൊണ്ടത് പാലിച്ച് സൂക്ഷിച്ചിട്ടത് താൻ ഇന്നതുപോലെ ആയിരിക്കണം ഇന്നതുപോലെ ചെയ്യൂ എന്ന് ദൃഢമായിട്ട് ഈ ഗൃഹസ്ഥൻ എല്ലാ സ്വഭാവത്തിലും എത്തിനിൽക്കുന്ന കർമത്തിന്റെ ഉടമസ്ഥത വഹിക്കുന്ന ഒരാളായിത്തീരും.

അതാണ് തന്റെ ജീവൻ ആദിത്യമണ്ഡലം കടന്ന് എത്തും എന്ന് പറയുന്നത്.

( '**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ**' അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# പവിത്രമായ കടമ

കാലത്തിന്റെ പുരാവസ്തു ശേഖരങ്ങളിൽ ആശയങ്ങളെയും അറിവുകളെയും കുറിച്ചുള്ള പലതും പൊടിപിടിച്ചുകിടക്കുന്നുണ്ടാവും. പലതും ഗവേഷകർ പൊടിതുടച്ച് നോക്കിയിട്ടുണ്ട്. പല അർഥകൽപനകളും നിഗമനങ്ങളും ഉണ്ടായിട്ടുമുണ്ട്. ഇനിയും കണ്ടെത്താനായിട്ടില്ലാത്തതും ഒരുവേള കണ്ടെത്താനാവുന്നതും ആയി ഏറെയുണ്ടാവാം. ഭൂമിശാസ്ത്രവും ഭൂഗർഭശാസ്ത്രവും ഗോളശാസ്ത്രങ്ങളും പരിണാമത്തിനു ചരിത്രമാധ്യമമാകുന്നു. ആ ചരിത്രമാകട്ടെ മനുഷ്യാനുഭവങ്ങളുടെ പശ്ചാത്തലമായി നിന്നുകൊണ്ട് കാലത്തിന്റെ സംവിധാനത്തിനു വിധേയമാകുകയും ചെയ്തു.

മനുഷ്യരാശി പിൻപറ്റിയ ധർമപ്രസ്ഥാനങ്ങളും വിസ്മരിച്ചുപോയ ധർമപ്രസക്തികളും കർമസങ്കൽപങ്ങളും നിർവഹണങ്ങളും സ്വാധീനത്തിൽ വച്ചു വളർത്തിയ വാസനകൾ പ്രബലങ്ങളായി.സമൂഹവൃത്തിയിൽ ശരിയും തെറ്റും വിവേചിച്ചറിയുന്നതിനുപരി കൽപനകളെ മേൽപ്പറഞ്ഞ വാസനകൾ രൂപപ്പെടുത്തി. നൻമതിൻമകളുടെ സങ്കരവൃത്തി ചിന്താസരണികളെ പല വഴിക്കു പായിച്ചു, ഭിന്നസംസ്കാരങ്ങൾക്ക് ഇത് നിദാനമായി. ആ സംസ്കാരങ്ങൾ വളർന്ന വഴികളിൽ തഴച്ച മനുഷ്യകർമ്മങ്ങൾ മനുഷ്യരാശിക്ക് പൈതൃകങ്ങളായി.

ഈ വിഷയത്തിൽ അത്യന്തം ശ്രദ്ധ ആകർഷിക്കുന്ന ഒരു ഭാഗമുണ്ട്. ആത്മീയ വിഷയമാണത്. ആരാധനാസമ്പ്രദായങ്ങളുടെ കാലികവും സർവകാലികവുമായ പ്രസക്തിയും നിയുക്തയുഗധർമങ്ങളുമായി ബന്ധപ്പെടുത്തിയുള്ള സമന്വയവും ആ വിഷയത്തിൽപ്പെടുന്നു. തെറ്റിനകത്ത് അകപ്പെട്ടുപോയ ശരിയും തെറ്റുകലർന്നു ദൂഷിതമായ ശരിയും ഒരുപോലെ അസംഗതമായി. തെറ്റില്ലാത്ത ശരിക്കുവേണ്ടിയുള്ള അന്വേഷണം കാലങ്ങളായി തുടരുന്നുണ്ടായിരുന്നു. ശരിയുത്തരം പിടികൊടുക്കാതെ ഒഴിഞ്ഞുമാറിയ സഹസ്രാബ്ദങ്ങൾ സമ്മാനിച്ചതു പാഴ്വഴികളായിരുന്നു. മഹാത്മാക്കൾക്കുപോലും തെളിഞ്ഞു കിട്ടാൻ പ്രയാസമായിരുന്ന നേർവഴി പുരാണങ്ങളുടേയും ഇതിഹാസങ്ങളുടേയും നീണ്ട നിഴലുകൾക്കു താഴെ ഒളിഞ്ഞുകിടപ്പുണ്ടായിരുന്നു. ആ നിഴലുകളുടെ ഇരുൾപ്പുതപ്പു ചീന്തിയെറിയുന്ന വെളിച്ചത്തിനുവേണ്ടി കാലങ്ങൾ തപസമാധിയിലാണ്ടു. വെളിപാടുകളിലൂടെ സ്നേഹ സാന്ത്വന വചനങ്ങൾക്കായി കാതോർത്ത കാലത്തിനു ലഭിച്ച അനുഭവങ്ങളിൽ സത്യത്തിന്റെ വിദൂരദിഗ്ദർശനങ്ങളുമുണ്ടായിരുന്നു. അപ്പോഴും പരമമായ സത്യം അവ്യക്തതയുടെ തിരശീലയ്ക്കപ്പുറം നിൽക്കുകയായിരുന്നു. അനുയോജ്യമായ ഒരു ധർമ തേജസ്സിലൂടെ മാത്രമേ അതു വെളിച്ചപ്പെടുകയുള്ളൂ. അതു സത്യത്തിന്റെ നിത്യസ്വഭാവമാണ്. സത്യത്തിന്റെ അനുഭവമാധ്യമം കാരുണ്യമാണ്. ത്യാഗവിശുദ്ധിയിൽ വളർന്ന തേജോമയമായ ഒരു ജീവഭാവമാണു മാധ്യമമായി വരിക. അതാണ് അധികാരിയായ ഒരു ഗുരുവിലൂടെ സംഭവിക്കുന്നത്. കാലദേശങ്ങൾക്കും അവസ്ഥാന്തരങ്ങൾക്കും നിയാമക നേതൃത്വം നൽകുന്ന ഒന്നായിരിക്കും ആ ഗുരുഭാവം. ശാന്തിഗിരിയുടെ അനുഭവത്തിൽ ഇതു പൂർണ്ണമായിതെളിഞ്ഞു. നവജ്യോതി ശ്രീകരുണാകരഗുരുവിലൂടെ ബ്രഹ്മനിശ്ചയം ധർമസത്തകൾക്കിണങ്ങുന്ന കർമകാണ്ഡങ്ങൾ ഒരുക്കിയത് നിത്യസ്മരണീയമായ ചരിത്രസുകൃതമായി. സ്നേഹതീക്ഷ്ണതയും കാരുണ്യദീപ്തിയും ഇണങ്ങിയ തപോമയമായ ശാശ്വത സാന്ത്വനം ചരിത്രത്തിൽ ഇതിനൊപ്പം മറ്റൊരിടത്തും മറ്റൊരിക്കലും ഉണ്ടായതായി അറിവില്ല.

ഗുരുവിന്റെ ദൗത്യം ഏറ്റെടുത്തു നിർവഹിക്കേണ്ട കർമം ശിഷ്യരിൽ നിയുക്തമായിരിക്കുന്നു. അർപ്പണവും സ്നേഹവും വിനയവും കലർന്ന മനസുകളുടെ ഉടമകളായി നിന്ന് ശിഷ്യർ ധർമനിഷ്ഠയോടുകൂടി കർമങ്ങൾ ചെയ്തെടുക്കേണ്ടതാണ്. അതു ലോകനൻമയ്ക്കായി ശിഷ്യർ നിർവഹിക്കേണ്ട പവിത്രമായ കടമയാണ്.

# ആയുഷ് കോൺക്ലേവിൽ ശാന്തിഗിരിയുടെ പങ്കാളിത്തം ശ്രദ്ധേയമായി

**തിരുവനന്തപുരം :** സംസ്ഥാനസർക്കാർ സംഘടിപ്പിച്ച പ്രഥമ അന്താരാഷ്ട്ര ആയുഷ് കോൺക്ലേവിൽ ശാന്തിഗിരിയുടെ പങ്കാളിത്തം ശ്രദ്ധേയമായി. ആയുഷ് വിഭാഗത്തിലെ പ്രധാന ചികിത്സാരംഗങ്ങളെ ഉൾപ്പെടുത്തി ശാന്തിഗിരി ഹെൽത്ത് കെയർ & റിസർച്ച് ഓർഗനൈസേഷൻ, ശാന്തിഗിരി മാർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റ് എന്നവ ചേർന്നൊരുക്കിയ സ്റ്റാളിൽ വിദ്യാർത്ഥികളും പൊതുജനങ്ങളുമടക്കം നിരവധിപേരാണ് ചികിത്സതേടി എത്തിയത്.കേരളീയ തനിമയിൽ രൂപകല്പന ചെയ്ത സ്റ്റാളിൽ 'ആയുഷ് ഹോം ഫോർ ഗുഡ് ഹെൽത്ത്' എന്ന ആശയമാണ് പ്രതിഫലിച്ചത്. വൈദ്യനിൽ തുടങ്ങി കുടുംബ ഡോക്ടറിലൂടെ സ്പെഷ്യാലിറ്റി കൺസൾട്ടേഷനിൽ എത്തി നിൽക്കുന്ന ഇന്നത്തെ ആരോഗ്യരംഗത്തിന് ഇന്ന് ആവശ്യം തനിമ ചോരാതെയുള്ള സംയോജിത ചികിത്സാരീതിയാണെന്ന് ഓർമ്മിപ്പിക്കുന്നതായിരുന്നു ശാന്തിഗിരിയുടെ സ്റ്റാൾ. ഗുണമേന്മയുടെ കാര്യത്തിൽ വിട്ടുവീഴ്ച വരുത്താതെ ആശ്രമാന്തരീക്ഷത്തിൽ പ്രാർത്ഥനയോടെ തയ്യാറാക്കുന്ന ശാന്തിഗിരിയുടെ ഔഷധങ്ങൾക്ക് കൂടുതൽ പ്രചാരം നല്കണമെന്ന് സന്ദർശകർ അഭിപ്രായപ്പെട്ടു. ദൃശ്യമാധ്യമങ്ങളിലൂടെ ജനശ്രദ്ധയാകർഷിച്ച ഹൃദയരഞ്ജിനി ലേപം തേടിയും ശാന്തിഗിരിയുടെ സ്റ്റാളിൽ ഏറെപ്പേരെത്തി.

മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കേരളത്തിൽ പ്രവർത്തിക്കുന്ന പാലക്കാട് ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജിന്റെയും തിരുവനന്തപുരം സിദ്ധ മെഡിക്കൽ കോളേജിന്റെയും സ്റ്റാളുകൾ കോൺക്ലേവിന്റെ ആരോഗ്യ എക്സ്പോയിൽ ഉണ്ടായിരുന്നു. അഗസ്ത്യമുനിയുടെ 'സൂഡാമണിക്കയർ സൂത്രം' എന്ന ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള 'മണിക്കടെ നൂൽ' എന്ന രോഗനിദാനരീതിയെ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിന്റെ സ്റ്റാളിലൂടെ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുകയുണ്ടായി.



ആയുഷ്കോൺക്ലേവിലെ ശാന്തിഗിരി സ്റ്റാൾ സന്ദർശിക്കുന്ന മന്ത്രി കെ. കെ. ശൈലജ ടീച്ചർ



എസ്. എച്ച്. ആർ. ഒ. പുറത്തിറക്കിയ 'തനുഹൃദയം' പുസ്തകം മധുപാലിന് നൽകി മന്ത്രി കടകംപള്ളി സുരേന്ദ്രൻ പ്രകാശനം ചെയ്യുന്നു



ഷൈജു കെ. മാലൂർ വരച്ച മുഖ്യമന്ത്രിയുടെ ഛായാചിത്രം അദ്ദേഹത്തിന് നൽകുന്നു

## ദിവംഗതരായി



ദാമോദരൻ നായർ പി വി

**പാലക്കാട് :** ഗുരുധർമ്മ പ്രകാശസംഭാംഗം സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വിയുടെ പിതാവ് പാലക്കാട് ഇടയാർ സ്ട്രീറ്റ് രാം നിവാസിൽ ദാമോദരൻ നായർ പി വി (94) മാർച്ച് 1 ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ ദേവയാനി അമ്മ. മറ്റു മക്കൾ ദിവംഗതനായ രാംദാസ് കെ, രവീന്ദ്രകുമാർ കെ, ഗീത കെ, ബിന്ദു കെ.



സതി സോമരാജൻ

**സ്നേഹപുരം :** ശാന്തിഗിരി ആശ്രമം ഫിനാൻസ് ഡിപ്പാർട്ടുമെന്റ് ജനറൽ മാനേജർ എൻ സോമരാജന്റെ ഭാര്യ സതി സോമരാജൻ (67) മാർച്ച് 6 ന് ദിവംഗതയായി. സംസ്കാരം നടന്നു. മകൻ ദിവംഗതനായ സതീഷ് എസ് രാജ്. കൊട്ടാരക്കര പുത്തൂർ തേവലപ്പുറം സ്വദേശിനിയാണ്.



സുരേഷ്കുമാർ എം.കെ.

**സ്നേഹപുരം:** മൺവിളമുകൾ 'സ്തുതി'യിൽ സുരേഷ്കുമാർ എം.കെ. (60) ഫെബ്രുവരി 18ന് ദിവംഗതനായി. എറണാകുളം വൈറ്റില സ്വദേശിയാണ്. ഭാര്യ: വത്സല പി.എസ്., മക്കൾ: കിരൺ കൃഷ്ണൻ എം.എസ്. (ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷൻ), ബ്രഹ്മദത്തൻ എം.എസ്.



യൂത്ത് സമ്മിറ്റ് ആൻഡ്രൂ ടർണർ ഉദ്ഘാടനം ചെയ്യുന്നു

# ശാന്തിഗിരി യൂത്ത് സമ്മിറ്റ് –2019 നടന്നു

**റിസർച്ച്സോൺ :** യുവാക്കളുടെ ആത്മശുദ്ധീകരണത്തിന് പ്രചോദനമേകി ശാന്തിഗിരി യൂത്ത് സമ്മിറ്റ് –2019 നടന്നു. പൂജിതപീഠം സമർപ്പണാഘോഷങ്ങളോടനുബന്ധിച്ച് ഫെബ്രുവരി 23ന് സംഘടിപ്പിച്ച യൂത്ത് സമ്മിറ്റ് യു.കെ.യിലെ കോവെൻട്രി സർവകലാശാല അസോസിയേറ്റ് പ്രൊവൈസ്ചാൻസിലർ ആൻഡ്രൂ ടർണർ ഉദ്ഘാടനം ചെയ്തു. ശരിയായ കാഴ്ചപ്പാടിലൂടെയും മനോഭാവത്തിലൂടെയും സ്വയം ശക്തിയാർജ്ജിച്ച് നേതൃത്വം ഏറ്റെടുക്കാൻ ഓരോ യുവതീയുവാക്കൾക്കും കഴിയണമെന്ന് അദ്ദേഹം പറഞ്ഞു.

ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ഗുരുവിന്റെ പ്രതീക്ഷയാണ് ശാന്തിമഹിമ ഗുരുമഹിമ പ്രവർത്തകരെന്നും സ്വന്തം വീടിനോടൊപ്പം നാടും രാജ്യവും ഉലകവും നന്നാകണം എന്നതായിരിക്കണം നമ്മുടെ പ്രാർത്ഥനയെന്നും സ്വാമി സൂചിപ്പിച്ചു. ഇന്ത്യൻ നേവി കൊച്ചിൻ സ്റ്റേഷൻ കമാൻഡർ കമഡോർ ജി.പ്രകാശ് മുഖ്യപ്രഭാഷണം നടത്തി.

ആത്മബോധമെന്ന വിദ്യ പഠിക്കണമെങ്കിൽ ആത്മജ്ഞാനിയായ ഗുരുവിലൂടെ മാത്രമേ സാധിക്കൂവെന്ന് യൂത്ത്സമ്മിറ്റിൽ പങ്കെടുത്ത ആശ്രമം ഡയറക്ടർ സ്വാമി നവനന്മ ജ്ഞാനതപസ്വി അഭിപ്രായപ്പെട്ടു. കേരള പോലീസ് ഐ.ജി. പി. വിജയൻ, ഒമാൻ മിഡിൽ ഈസ്റ്റ് കോളേജ് ഡീൻ ഡോ. ജി. ആർ. കിരൺ എന്നിവർ പ്രഭാഷണം നടത്തി. ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റ് ആണ് പരിപാടി സംഘടിപ്പിച്ചത്.



കലാധരൻ വി. ആർ



അനന്തു എ. ആർ.

**പൂലന്തറ:** മാർച്ച് 6 ന് പൂലന്തറ ജംഗ്ഷനു സമീപത്തെ വളവിൽ ബൈക്ക് മതിലിൽ ഇടിച്ച് ബൈക്ക് യാത്രക്കാരായ രണ്ടു യുവാക്കൾ മരിച്ചു. ശാന്തിഗിരി ആശ്രമം ഇലക്ട്രിക്കൽ വിഭാഗം ടെക്നീഷ്യനായ കലാധരൻ വി ആർ (26), കമ്മ്യൂണിറ്റി കിച്ചൺ ഫുഡ് സർവ്വീസസ് അസിസ്റ്റന്റ് അനന്തു എ ആർ (24) എന്നിവരാണ് മരണപ്പെട്ടത്. ചേർത്തല വടക്കേ ചൊഴിക്കപ്പള്ളി സ്വദേശിയാണ് കലാധരൻ. ചേർത്തല വയലാർ സ്വദേശിയാണ് അനന്തു. സംസ്കാര കർമ്മം നടന്നു.

# ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ പൂജിതപീഠം സമർപ്പണം ആഘോഷിച്ചു

**സ്പിരിച്വൽ സോൺ:** രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും ആശ്രമത്തിലെത്തിയ ആത്മബന്ധുക്കളുടെ പ്രാർത്ഥന കൊണ്ട് ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ഈ വർഷത്തെ പൂജിതപീഠം സമർപ്പണം വാർഷികാഘോഷങ്ങൾ നടന്നു. വൈകുന്നേരം അഞ്ചിന് യജ്ഞശാലയിൽ നിന്നും ആരംഭിച്ച അർദ്ധവാർഷിക കുംഭമേള ആശ്രമ സമുച്ചയം വലംവച്ച് ഗുരുപാദങ്ങളിൽ സമർപ്പിച്ചു.

പൂജിതപീഠം സമർപ്പണം സമ്മേളനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഭാരതത്തിലെ ഏറ്റവും വലിയ മതേതരസ്ഥാപനങ്ങളിലൊന്നാണ് ശാന്തിഗിരിയെന്ന് അദ്ദേഹം പറഞ്ഞു. ഉദാത്തമായ മതേതരമാനവികത ഉയർത്തിപ്പിടിക്കുന്ന പക്വമായ ആത്മീയ സംവിധാനമാണ് ശാന്തിഗിരിയിൽ നിലനിൽക്കുന്നത്. സി.ദിവാകരൻ എം.എൽ.എ അദ്ധ്യക്ഷനായിരുന്നു. സമൂഹം ഇന്നനുഭവിക്കുന്ന സങ്കർഷഭരിതമായ അന്തരീക്ഷത്തിൽ സമാധാനം നൽകുന്നതിന് ശാന്തിഗിരിക്ക് പങ്ക് വഹിക്കാൻ കഴിയുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സ്വാമി ചൈതന്യ ജ്ഞാനതപസ്വി, സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി തുടങ്ങിയവർ മഹനീയ സാന്നിദ്ധ്യമായി. വിവിധമേഖലകളിൽ അവാർഡ് നേടിയ അനിൽ ചേർത്തല, എസ്. ബിജോയ്, ഡോ.സ്വപ്നാശ്രീനിവാസൻ എന്നിവരെ മന്ത്രി ആദരിച്ചു. ഉമ്മിണിതങ്കം പ്രത്യേക പതിപ്പിന്റെ പ്രകാശനം ചടങ്ങിൽ നടന്നു.



അർദ്ധവാർഷിക കുംഭമേള



പൂജിതപീഠം സമർപ്പണം സമ്മേളനത്തിൽ
മന്ത്രി കടകംപള്ളി സുരേന്ദ്രൻ സംസാരിക്കുന്നു

ശ്രീലങ്കൻ പ്രൊവിൻഷ്യൽ കൗൺസിൽ അംഗം കിത്സിരി കഹത്തപിത്തിയ, ജപ്പാനിലെ ഡോ. റൊസെല്ലാ കമ്പനി ഡയറക്ടർ തോമോയൂക്കി തകേദ എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗം കെ.പി.ശങ്കരദാസ്, ചലച്ചിത്ര പ്രതിഭകളായ വി.എ. ശ്രീകുമാർ മേനോൻ, എസ്.കുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ കെ.പി.ചന്ദ്രൻ, ഷാനിഫബീഗം, ജനപ്രതിനിധികൾ, രാഷ്ട്രീയ നേതാക്കൾ തുടങ്ങി നിരവധി പ്രമുഖർ പങ്കെടുത്തു. സ്വാമി നവനന്മ ജ്ഞാനതപസ്വി സ്വാഗതവും ഡോ. കെ. എൻ. ശ്യാംപ്രസാദ് നന്ദിയും പറഞ്ഞു.

രാവിലെ അഞ്ചിന് പ്രത്യേക പുഷ്പാഞ്ജലിയോടെയാണ് പൂജിതപീഠംസമർപ്പണം ആഘോഷങ്ങൾക്ക് തുടക്കമായത്. ആറിന് ധ്വജാരോഹണം തുടർന്ന് താമരപർണ്ണശാലയിൽ പുഷ്പസമർപ്പണം, ഉച്ചക്ക് 12ന് ഗുരുപൂജ, ഗുരുപാദവന്ദനം, വിവിധ സമർപ്പണങ്ങൾ എന്നിവ നടന്നു. രാത്രി ഒൻപതുമണി മുതൽ ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗം അവതരിപ്പിച്ച വിവിധകലാപരിപാടികളും ഉണ്ടായിരുന്നു.









ഗുരുചരണം ശരണം

**41-ാം ദേഹവിയോഗദിനം**
മാർച്ച് ഒന്ന്



രാഘവൻ വി.,
നന്മമന്ദിരം, സ്നേഹപുരം

**പ്രാർത്ഥനയോടെ
കുടുംബാംഗങ്ങൾ**

## സംസാരിക്കുന്ന പേനയുമായി ശാന്തിഗിരി വിദ്യാഭവൻ



എജ്യൂക്കേഷൻ സോൺ : കുട്ടികളിൽ അത്ഭുതവും കൗതുകവും ഉണർത്തി സംസാരിക്കുന്ന പേനയുമായി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ. കുട്ടികളുടെ പഠനനിലവാരവും ഭാഷാനൈപുണിയും വർദ്ധിപ്പിക്കുന്നതിനു വേണ്ടി പ്രയോജനപ്പെടുന്നതാണ് ഈ 'ടോക്കിംഗ് പെൻ'. പാഠ്യഭാഗങ്ങൾ പേനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. പഠിക്കുന്ന ഭാഗത്ത് പേനകൊണ്ട് സ്പർശിക്കുമ്പോൾ പേന ആ പാഠഭാഗം വായിക്കുന്നു. കുട്ടികൾക്ക് നന്നായി മനസ്സിലാകുന്നതോടൊപ്പം ഉച്ചാരണ രീതിയും മനസ്സിലാക്കാൻ ഇതുവഴി സാധിക്കുന്നു. ആകർഷകമായ നിറത്തിലും രൂപത്തിലും ലഭിക്കുന്ന ഈ പേന ചെലവേറിയതാണ്. ഇത്തരത്തിലുള്ള സംരംഭം ആദ്യമായി ആരംഭിച്ചിരിക്കുന്നത് ശാന്തിഗിരി വിദ്യാഭവനിലാണ്.

ഈ ലോകം.. ഇവിടെ ചില മനുഷ്യർ

വാമനപുരം മണി




Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala